

# അട്ടപ്പാടി കറുത്ത ആടുകൾ

കേരളത്തിൽ പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ മാത്രം കണ്ടുവരുന്ന പ്രത്യേക ഇനം ആടാണ് അട്ടപ്പാടി കറുത്ത ആട്. അട്ടപ്പാടിയിലെ ആദിവാസി ജനജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ് കേരളത്തിന്റെ തദ്ദേശീയ ജനുസ്സുകളിലൊന്നായ കറുത്ത ആട്. അട്ടപ്പാടി ആടുകളുടെ എണ്ണത്തിലുണ്ടായിട്ടുള്ള ഗണ്യമായ കുറവ് ഈ സവിശേഷ ജനുസ്സിന്റെ സംരക്ഷണത്തിന്റെ പ്രാ ധാന്യം വ്യക്തമാക്കുന്നു.

പശ്ചിമഘട്ടനിരകളിലെ നീലഗിരികുന്നുകൾക്ക് സമീപമുള്ള മലയോര മേഖലയായ അട്ടപ്പാടി, കിഴക്ക് കോയമ്പത്തൂരുമായും, വടക്ക് നീലഗിരിയുമായും, തെക്ക് പാലക്കാട് താലൂക്കുമായും, പടിഞ്ഞാറ് മണ്ണാർക്കാട്, ഏറനാട് താലൂക്കുകളുമായും അതിർത്തി പങ്കിടുന്നു. കേരളത്തിലെ കിഴക്കോട്ടൊഴുകുന്ന നദികളിലൊന്നായ ഭവാനിപ്പുഴ നീലഗിരി കുന്നുകളിൽ നിന്ന് ഉത്ഭവിച്ച് അട്ടപ്പാടി താഴ്‌വാരത്തിലൂടെ ഒഴുകുന്നു.

അട്ടപ്പാടി മേഖലയിലെ ആദിവാസി വിഭാഗങ്ങളായ ഇരുള, മുഡുക, കുറുമ്പ എന്നിവരുടെ പ്രധാന വരുമാനമാർഗ്ഗങ്ങളാണ് കൃഷിയും ആടുവളർത്തലും. ആടുകളെ ഇവർ വീട്ടിലെ അംഗങ്ങളെപ്പോലെ കാണുകയും പരിപാലിക്കുകയും ചെയ്യുന്നു. ആടുകൾക്ക് സമൂഹത്തിൽ ഏറെ മൂല്യവും കൽപിച്ചിട്ടുണ്ട്. വിവാഹസമ്മാനമായി വധൂവരൻമാർക്ക് ആടുകളെ നൽകുന്നത് ഇവിടത്തെ പതിവാണ്. ഒരു കുടുംബത്തിന്റെ ധനസ്ഥിതി നിർണ്ണയിക്കുന്നതിനുള്ള ഒരു പ്രധാന മാനദണ്ഡം കൈവശമുള്ള ആടുകളുടെ എണ്ണമാണ്. അട്ടപ്പാടി ആടുകളുടെ പാലിനും മാംസത്തിനും ഔഷധഗുണമുള്ളതായി ഈ മലയോര മേഖലയിലെ ജനങ്ങൾ കരുതുന്നു. ആദിവാസി സമൂഹത്തിലെ പോഷണവൈകല്യത്തെ പ്രതിരോധിക്കാൻ ഒരു പരിധിവരെ അട്ടപ്പാടി ആടുകളുടെ പാലും മാംസവും സഹായകരമായിട്ടുണ്ട്.

അട്ടപ്പാടി മലയോരമേഖലയിൽ കണ്ടുവരുന്ന കറുത്ത ആടുകൾ ഇടത്തരം വലിപ്പമുള്ളവയും നീണ്ട കാലുകളും, കറുത്ത നിറവുമുള്ളവയുമാണ്. കണ്ണുകളിലെ ചെമ്പൻ നിറവും പിന്നിലേക്ക് വളഞ്ഞ കറുത്ത കൊമ്പും, കറുത്ത് ഞാന്നു കിടക്കുന്ന ചെവികളും ഇടതൂർന്ന് വളഞ്ഞ വാലും ഇവയുടെ മറ്റു പ്രത്യേകതകളാണ്. ഉറച്ച ശരീരം, രോഗപ്രതിരോധശേഷി, അതിജീവനശേഷി എന്നീ ഗുണങ്ങൾ കൂടിച്ചേർന്ന ഈ തനതുജനുസിന്റെ വികസനത്തിനു പിന്നിലെ ആദിവാസി ജനതയുടെ ഉൾക്കാഴ്ചയെ അഭിനന്ദിക്കണം. അട്ടപ്പാടി ആടുകൾ പാൽ ഉൽപ്പാദനത്തിൽ പിന്നിലാണെങ്കിലും സ്ത്രീകൾക്കും, വയോജനങ്ങൾക്കും പരിപാലിക്കാവുന്നതാണിവയെ. ആട്ടിൻ കാഷ്ഠമാണ് ആദിവാസി ഊരുകളിൽ കൃഷിക്കുള്ള ഏകവളം. നവജാത ആട്ടിൻകുട്ടികളുടെ ഭാരം 1.73 kg (ആണാട്) 1.60 kg (പെണ്ണാട്) എന്നിങ്ങനെയാണ്. തീറ്റപ്പുല്ലും മറ്റും വിരളമായി മാത്രം കാണുന്ന പുതൂർ, അഗളി, ഷോളയാർ പഞ്ചായത്തുകളിലെ കുഗ്രാമങ്ങളിലാണ് പ്രധാനമായും അട്ടപ്പാടി ആടുകൾ കാണുന്നത്. മലയും താഴ്‌വാരങ്ങളും താണ്ടി വെയിലത്തു മേഞ്ഞു നടക്കുന്നതിന് അനുകൂലമായ ശരീര പ്രകൃതിയും, ഉണക്കപ്പുല്ലു പോലും തിന്നു നില നിൽക്കാനുള്ള കഴിവും അട്ടപ്പാടി ആടുകളുടെ പ്രത്യേകതയാണ്.

ഇതര ജനുസ്സുകളിലുള്ള ആടുകളുമായുള്ള അനിയന്ത്രിതമായ പ്രജനനം അട്ടപ്പാടി ആടുകളുടെ വർഗ ശുദ്ധി ഇല്ലാതാക്കുകയാണ്.

അട്ടപ്പാടി മലയോരമേഖലയിലുള്ള ആടുകളിൽ 40 ശതമാനത്തോളമായി അട്ടപ്പാടി കറുത്ത ആടുകളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. കേരള കാർഷിക സർവക



അട്ടപ്പാടി ആട്

ലാശാല അടുത്ത കാലത്ത് നടത്തിയ കണക്കെടുപ്പ് പ്രകാരം അട്ടപ്പാടി ആടുകളുടെ എണ്ണം നിലവിൽ 5000ൽ താഴെ ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവയെ ലോക ഭക്ഷ്യ കാർഷിക സംഘടന സുരക്ഷിതമല്ലാത്ത ജനുസ്സുകളുടെ വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

അട്ടപ്പാടിയിലെ ആദിവാസികൾക്കിടയിൽ ആടുവളർത്തൽ ഒരനുബന്ധ ജീവിതമാർഗ്ഗമാക്കുന്നതിനും, അട്ടപ്പാടി കറുത്ത ആടിന്റെ വർഗശുദ്ധി നിലനി ർത്തുന്നതിനും, ഇവയുടെ ജനിതക ദ്രവ്യകേന്ദ്രം സ്ഥാപിക്കുന്നതിനുമായി 1989 ൽ ഗവൺമെന്റ് അട്ടപ്പാടിയിൽ ആടുവളർത്തൽ കേന്ദ്രം ആരംഭിക്കുകയുണ്ടായി. അട്ടപ്പാടി കറുത്ത ആടുകളുടെ വംശവർദ്ധനയ്ക്കും ആദിവാസികൾക്കിടയിൽ ഇവയെ വിതരണം ചെയ്യാനുമായി പ്രത്യേക പദ്ധതികളും ആവിഷ്കരിച്ചു.

## മലബാറി ആടുകൾ:

കേരളത്തിലെ വളർത്തു ജീവികളിൽ NBAGR ന്റെ അംഗീകാരം ലഭിച്ച ആദ്യ ഇനമാണ് മലബാറി ആട്. കൊഴുപ്പ് കുറഞ്ഞ ഗുണനിലവാരമുള്ള മാംസം, പെട്ടെന്നു ഭാരം വയ്ക്കാനുള്ള ശേഷി, കേരളത്തിലെ കാലാവസ്ഥയിൽ നന്നായി പൊരുത്തപ്പെടാനുള്ള കഴിവ് എന്നീ ഗുണങ്ങളുള്ളവയാണ് മലബാറി ആടുകൾ. കേരളത്തിന്റെ വടക്കൻ ജില്ലകളിലാണ് പ്രധാനമായും മലബാറി ആടുകൾ കാണപ്പെടുന്നത്. ചൂടുകൂടിയ ആർദ്രമായ കാലാവസ്ഥയ്ക്ക് അനുയോജ്യമായവയാണ് മലബാറി ആടുകൾ.

കേരളത്തിൽ കണ്ടുവരുന്ന ഭൂരിഭാഗം മലബാറി ആടുകളും വെള്ളയോ, വെള്ളയും കറുപ്പും കലർന്നതോ, വെള്ളയും തവിട്ടും ഇടകലർന്നതോ ആയ ആടുകളാണ്. ദിവസേന 500 മുതൽ 700 മി.ലിറ്റർ പാൽ ഇവ ചുരത്തുന്നു. പാലിന്റെ ലഭ്യത 4–5 മാസത്തോളമായിരിക്കും. മലബാറി ആടുകൾ നേരത്തെതന്നെ പൂർണ്ണ വളർച്ചയെത്തുകയും 8–10 മാസത്തിൽത്തന്നെ ഗർഭധാരണശേഷി നേടുകയും ചെയ്യുന്നു. ആണാടുകൾ 9–12 മാസത്തിൽ തന്നെ പ്രജനനത്തിന് പ്രായമാകും. അത്യുൽപ്പാദന ശേഷിയുള്ള മലബാറി ആടുകളിൽ ഒറ്റപ്രസവത്തിൽത്തന്നെ രണ്ടു കുട്ടികളിൽ കൂടുതൽ ഉണ്ടാകാറുണ്ട്. ഒരു വയസ്സ് പ്രായമായ ആടുകൾക്ക് 15 മുതൽ 20 കിലോഗ്രാം വരെ ഭാരം ഉണ്ടാകും. പൂർണ്ണ വളർച്ചയെത്തിയ മുട്ടനാടുകൾക്ക് 30 മുതൽ 35 കിലോഗ്രാം വരെ ഭാരവും പെണ്ണാടുകൾക്ക് 25–30 കിലോഗ്രാം ഭാരവും ഉണ്ടാകും. കഴുത്തിൽ നിന്ന് താഴേയ്ക്ക് കാണപ്പെടുന്ന തൊങ്ങലുകൾ മലബാറി ആടുകളുടെ പ്രത്യേകതയാണ്. വ്യത്യസ്ത ജനുസ്സുകളുടെ കടന്നുകയറ്റം തനതു ജനുസ്സിന്റെ വർഗ്ഗശുദ്ധിയിലുണ്ടാക്കുന്ന വ്യതിയാനമാണ് ഇവ നേരിടുന്ന പ്രധാന ഭീഷണി.



മലബാറി ആട്


കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
എൽ 14, ജയ് നഗർ, മെഡിക്കൽകോളേജ് പി. ഒ.
തിരുവനന്തപുരം 695011 ഫോൺ: 04712554740
www.keralabiodiversity.org
keralabiodiversity@gmail.com


# കേരളത്തിലെ നാടൻ ആടിനങ്ങൾ




കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്